## പതിമൂന്നാം കേരള നിയമസഭ
## ആറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 159*** **17.12.2012 ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്തിനാവശ്യമായ ജലം നേടിയെടുക്കൽ**

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. സി.ദിവാകരൻ<br>ശ്രീ. പി.തിലോത്തമൻ<br>ശ്രീ. കെ. അജിത്<br>ശ്രീ. കെ.രാജു | | ശ്രീ. ഉമ്മൻ ചാണ്ടി<br><br>(ബഹു. മുഖ്യമന്ത്രി) |
| (എ) വിവിധ ഡാമുകളിൽ ജലനിരപ്പ് താഴ്ന്നിരിക്കുന്നുവെന്ന കാരണം പറഞ്ഞ് ജലസേചനത്തിനായി സംസ്ഥാനം ആവശ്യപ്പെടുന്ന ജലം നൽകാതിരിക്കുന്ന അയൽ സംസ്ഥാനങ്ങളുടെ നടപടി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) | ഉണ്ട്. |
| (ബി) പറമ്പിക്കുളം ആളിയാർ പദ്ധതിയിൽ നിന്നും കേരളത്തിനാവശ്യമായ ജലം സംസ്ഥാനത്തിന് ലഭ്യമാക്കുന്നതിന് എന്ത് നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന വ്യക്തമാക്കുമോ;<br><br>(സി) സംസ്ഥാനത്തിന് വിവിധ അണക്കെട്ടുകളിൽ നിന്നും ലഭിക്കേണ്ടുന്ന ജലം നേടിയെടുക്കുന്നതിന് എന്ത് നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വിശദമാക്കുമോ? | (ബി & സി) | പറമ്പിക്കുളം ആളിയാർ പദ്ധതികരാർ പ്രകാരം ഒരു ജലവർഷത്തിൽ (ജൂലായ് 1 മുതൽ ജൂൺ 30 വരെ) 7250 ദശലക്ഷം ഘനയടി ജലമാണ് ചിറ്റൂർപ്പുഴ പദ്ധതിയിലെ ജലസേചനത്തിന് കേരളത്തിന് ലഭിക്കേണ്ടത്. 16.10.2012 ൽ കൂടിയ JWR ബോർഡ് യോഗത്തിൽ അംഗീകരിച്ച പാറ്റേൺ അനുസരിച്ചുള്ള ജലം 2012 ഡിസംബർ 15 വരെയുള്ള കാലയളവിലേക്ക് തമിഴ്നാട് നൽകിക്കൊണ്ടിരിക്കുന്നുണ്ട്. 2012 ഡിസംബർ 16 മുതൽ 2013 ജനുവരി 31 വരെയുള്ള കാലയളവിലേക്ക് കേരളത്തിന് ലഭ്യമാക്കേണ്ട ജലം തുലാവർഷത്തിന്റെ ലഭ്യത കൂടി കണക്കിലെടുത്ത് പിന്നീട് തീരുമാനിക്കാമെന്നായിരുന്നു 16.10.2012 ലെ യോഗത്തിലെ ധാരണ. എന്നാൽ തുലാവർഷം തികച്ചും |

| | | |
|---|---|---|
| | | പരാജയമായിരുന്നു.<br><br>ഈ സാഹചര്യത്തിൽ 2012 ഡിസംബർ 16 മുതൽ 2013 ജനുവരി 31 വരെയുള്ള കാലയളവിൽ കരാർ പ്രകാരം കേരളത്തിന് അർഹതപ്പെട്ട 1750 ദശലക്ഷം ഘനയടി ജലം നൽകുവാനാണ് തമിഴ്നാടിനോട് ആവശ്യപ്പെട്ടത്.<br><br>കേരളത്തിന്റെ മേൽപ്പറഞ്ഞ ആവശ്യത്തിന് തമിഴ്നാട്, ഔദ്യോഗികമായി മറുപടി നൽകിയിട്ടില്ലെങ്കിലും പദ്ധതിപ്രദേശത്തെ കേരള ഉദ്യോഗസ്ഥർ, തമിഴ്നാട് ഉദ്യോഗസ്ഥരുമായി നടത്തിയ കൂടിക്കാഴ്ച്ചയിൽ, ഈ കാലയളവിൽ പരമാവധി 750 ദശലക്ഷം ഘനയടി ജലം മാത്രമേ കേരളത്തിന് നൽകാൻ കഴിയൂ എന്ന് തമിഴ്നാട് ഉദ്യോഗസ്ഥർ അറിയിക്കുകയുണ്ടായി. നിലവിൽ ഡാമുകളിലെ ജല സംഭരണം കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് വളരെ കുറവ് മാത്രമാണെന്നും തുലാവർഷം തികഞ്ഞ പരാജയമാണെന്നതുമാണ് ഇതിനു കാരണമായി അവർ ചൂണ്ടിക്കാണിച്ചത്.<br><br>നിലവിലെ ജലസംഭരണനില ഉപയോഗിച്ചുതന്നെ 2012 ഡിസംബർ 16 മുതൽ 2013 ജനുവരി 31 വരെ കേരളത്തിന് അർഹതപ്പെട്ട ജലം നൽകുവാൻ തമിഴ്നാടിന് സാധിക്കുന്നതാണ്. ഈ സാഹചര്യത്തിൽ കേരളത്തിന് ആവശ്യപ്പെട്ട 1750 ദശലക്ഷം ഘനയടി ജലം ലഭ്യമാക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളുവാൻ തമിഴ്നാട് സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ